(സി) തീവ്ര പരിചരണ സൗകര്യങ്ങൾ കൂടുതൽ ആശുപത്രികളിൽ ഏർപ്പെടുത്താവുന്നതാണ്. ജനനി സുരക്ഷാ യോജന പ്രകാരം പത്തൊൻപത് വയസ്സിനു മുകളിൽ പ്രായമുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും (വരുമാന പരിധി ബാധകമല്ലാതെ) ആദ്യത്തെ രണ്ടു സജീവ പ്രസവങ്ങൾക്ക് താഴെപ്പറയും പ്രകാരം സാമ്പത്തിക സഹായം നൽകി വരുന്നു:

- ഗ്രാമീണ മേഖലയിലുള്ള സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 700 രൂപ
- നഗര പ്രദേശങ്ങളിലെ സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 600 രൂപ.
- വീട്ടിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപ
- അംഗീകൃത സ്വകാര്യ ആശുപത്രികളിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ ധനസഹായം ലഭിക്കുന്നതാണ്.

ബി.പി.എൽ. കാർഡുണ്ടായിരിക്കുകയോ, ബി.പി.എൽ. ലിസ്റ്റിൽ പേർ ഉൾപ്പെടുത്തിയിരിക്കുകയോ, ബി.പി.എൽ. ആണെന്ന് തെളിയിക്കുന്ന രേഖകളോ ഉള്ളവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

(ഡി) ഈ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം 1.34 ലക്ഷം സ്ത്രീകൾക്ക് സഹായം നൽകിയിട്ടുണ്ട്.

പേവിഷബാധയേറ്റവർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി

28 (*238) ശ്രീ. എൻ. ശക്തൻ:
ശ്രീ. എം. എ. വാഹിദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പേവിഷബാധയ്ക്ക് ചികിത്സ ലഭ്യമാക്കാൻ സംസ്ഥാനത്തെ മിക്ക ജില്ലാ ആശുപത്രികളിലും ആവശ്യമായ സൗകര്യമില്ലാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോൾ പേവിഷബാധയ്ക്ക് ചികിത്സക്കായി പ്രത്യേക ക്ലിനിക്കുകൾ പ്രവൃത്തിക്കാത്ത ഏതൊക്കെ ജില്ലാ ആശുപത്രികളാണ് സംസ്ഥാനത്തുള്ളത് എന്നറിയിക്കുമോ ;

(സി) എല്ലാ ജില്ലാ ആശുപത്രികളിലും ഇത്തരം പ്രത്യേക ക്ലിനിക്കുകൾ അടിയന്തരമായി പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പേവിഷബാധിതർക്കാവശ്യമായ എല്ലാ മരുന്നുകളും സൗജന്യമായി വിതരണം ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)

LIBRARY ARCHIVES Kerala Legislative Assembly

(എ-സി) പേവിഷബാധയ്ക്ക് ചികിത്സ ലഭ്യമാക്കാൻ സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും പ്രത്യേകം ക്ലീനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) പേവിഷബാധിതർക്കാവശ്യമായ IDV/ARV മരുന്നുകൾ സർക്കാർ സൗജന്യമായിട്ടാണ് വിതരണം ചെയ്യുന്നത്. ഇപ്പോൾ എല്ലാ സർക്കാർ ആശുപത്രികളിലും ഈ മരുന്ന് ലഭ്യമാണ്. എന്നാൽ കാറ്റഗറി-3 (കഴുത്തിനുമുകളിലുള്ള സ്ഥലങ്ങളിൽ) കടിയേൽക്കുന്നവർക്ക് നൽകുന്ന റാബീസ് ഇമ്മ്യൂണോ ഗ്ലോബിൻ എന്ന ജീവൻ രക്ഷാ മരുന്ന് ബി.പി.എൽ. കാർക്ക് സൗജന്യവും എ.പി.എൽ. കാർക്ക് പുറമെനിന്ന് വാങ്ങേണ്ടതുമാണ്.

പ്രധാന റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പദ്ധതി

29(*239) ശ്രീ. എം. കെ. പുരുഷോത്തമൻ:
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ആശുപത്രികളിൽ വൃദ്ധർക്കുള്ള ആരോഗ്യ പരിപാലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രധാന ആശുപത്രികളിൽ ജിറിയാട്രിക് വാർഡുകൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ ജിറിയാട്രിക് വാർഡുകളിൽ മരുന്നുകളും മറ്റ് അവശ്യ വസ്തുക്കളും തടസ്സമില്ലാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) വൃദ്ധരോഗികളുടെ പരിപാലനത്തിനായി കൂടുതൽ തുക വകയിരുത്തുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)

(എ) സംസ്ഥാനത്ത് വിദഗ്ദ്ധ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് അവശ്യമായ സൗകര്യങ്ങളോടുകൂടിയ ജറിയാട്രിക് വാർഡ് സംവിധാനം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ മറ്റുള്ള ജില്ലകളിലും ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള 11 ഓളം ആശുപത്രികളിൽ ജറിയാട്രിക് വാർഡുകൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ തുങ്ങിയ ആശുപത്രികളിൽ ജറിയാട്രിക് വാർഡുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഈ സംവിധാന ഇല്ലാത്ത ആശുപത്രികളിൽ വൃദ്ധരുടെ പരിചരണത്തിനായി പ്രത്യേകം ബഡ്ഡുകൾ നീക്കിവച്ചിട്ടുണ്ട്. കൂടാതെ ഒ.പി.യിൽ വൃദ്ധ ജനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly